# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4429

28 /06/2012 - ൽ മറുപടിക്ക്

**റേഷൻ കാർഡുടമകൾക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ | **ശ്രീ. അനൂപ് ജേക്കബ്.**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ റേഷൻ കാർഡുടമകൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുമ്പോൾ വിലയിലുണ്ടാകുന്ന അന്തരം ഫുഡ് കോർപ്പറേഷന് നൽകുന്നതിനായി 2012-13 സാമ്പത്തിക വർഷം എത്ര തുക ആവശ്യമായി വരും; | (എ) സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് സബ്സിഡി നിരക്കിൽ റേഷൻസാധനങ്ങൾ വിതരണം ചെയ്യുന്നതിന് 2012-13 വർഷം 596 കോടി രൂപ ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഭക്ഷ്യധാന്യങ്ങളുടെ നിലവിൽ ലഭ്യമായ അലോട്മെന്റ് പ്രകാരമാണ് ഈ തുക കണക്കാക്കിയിട്ടുള്ളത്. |
| ബി) സംസ്ഥാനത്ത് എത്ര കാർഡുടമകൾക്കാണ് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യം നൽകി വരുന്നത്; | (ബി) 62.9 ലക്ഷം കാർഡുടമകൾക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യം നൽകിവരുന്നു. |
| സി) റേഷൻ കടകളിൽ നിന്നും കാർഡുടമകൾ കൈപ്പറ്റാത്ത ധാന്യങ്ങൾക്കും സർക്കാർ സബ്സിഡി നല്കി വരുന്നു എന്ന കാര്യം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനം കുറ്റമറ്റരീതിയിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ? | (സി) സബ്സിഡി കാർഡുടമകളുടെ എണ്ണത്തിന് ആനുപാതികമായുള്ള ഭക്ഷ്യധാന്യങ്ങൾക്കാണ് സബ്സിഡി ഒടുക്കിവരുന്നത്. ചില മാസങ്ങളിൽ ചില കാർഡുടമകൾ അവർക്ക് അനുവദിച്ചിട്ടുള്ള മുഴുവൻ അളവും റേഷൻകടയിൽ നിന്നും കൈപ്പറ്റിയില്ല എന്നും വരാം. ഈ സാധനങ്ങൾ റേഷൻകടയിൽ സൂക്ഷിക്കുകയും അടുത്ത മാസത്തെ വിഹിതമായി വിനിയോഗിക്കുകയും ചെയ്യും. ഓരോ മാസത്തെയും റേഷൻ സാധനങ്ങൾ റേഷൻ കടകൾക്ക് അനുവദിക്കുമ്പോൾ മുൻമാസത്തെ നീക്കിയിരിപ്പ് സ്റ്റോക്കു കൂടി പരിഗണിച്ചാണ് ഭക്ഷ്യധാന്യങ്ങൾ അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ